(ബി) കേന്ദ്ര ദുരിത നിവാരണ സേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത് കേന്ദ്ര കാലാവസ്ഥ വകുപ്പിനെയാണ്. പ്രസ്തുത അറിയിപ്പുകൾ ദുരന്ത നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂം വഴിയും സംസ്ഥാന അടിയന്തര കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും എസ്.എം.എസ്. ആയും ഇ-മെയിൽ ആയും എല്ലാ ജില്ലാ കളക്ടർമാർക്കും ആഭ്യന്തര സെക്രട്ടറിക്കും ചീഫ് സെക്രട്ടറിക്കും റവന്യൂ സെക്രട്ടറിക്കും ലഭ്യമാക്കുന്നു.

(ബി) കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം സ്റ്റേഷൻ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ചേർന്ന് നടത്തിവരുന്നു. ഇപ്പോൾ അടിയന്തര ഘട്ടങ്ങളിൽ ആർക്കോണത്തുള്ള സ്ഥിരം സ്റ്റേഷനിൽ നിന്നും സേനയുടെ ടീമിനെ ആവശ്യാനുസരണം വിന്യസിച്ചുവരുന്നു.

(സി) പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിതമായ വലിയ ദുരന്തങ്ങളും ആവശ്യാനുസരണം നേരിടുന്നതിനാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) ദേശീയ ദുരന്ത നിവാരണ സേനയ്ക്ക് കേരളത്തിൽ സ്ഥിരം താവളം ഒരുക്കുവാൻ 1½ ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആദിവാസി കുടുംബങ്ങൾക്ക് പട്ടയം

189 (1245) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ ആകെ എത്ര പട്ടയങ്ങൾ നൽകി ; ഇപ്രകാരം എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു ; ഇതിൽ എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നൽകി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ നൽകിയ പട്ടയങ്ങളിൽ എത്ര ഏക്കർ ഭൂമി പട്ടിക ജാതിക്കാർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാലത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു ; ആകെ എത്ര ഏക്കറാണ് ഇത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ആദിവാസികൾക്ക് ഏതെല്ലാം പഞ്ചായത്തിൽ ഏതെല്ലാം ഊരിലാണ് ഭൂമി നൽകിയത് ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ 77494 എണ്ണം പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 61759.61 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 25903.69 ഏക്കർ കേന്ദ്രാനുമതി ലഭിച്ച വനഭൂമിക്ക് പട്ടയം നൽകി.

(ബി) 1249.84 ഏക്കർ ഭൂമി പട്ടികജാതിക്കാർക്ക് നൽകിയിട്ടുണ്ട്.

(സി) 584 ആദിവാസി കുടുംബങ്ങൾക്ക് 679.55 ഏക്കർ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഡി) ഉപ്പുതറ പഞ്ചായത്തിൽ പണ്ണമ്പടി, ബൈസൺവാലി പഞ്ചായത്ത്, മലങ്കര മിച്ചഭൂമി കേസിൽ സർക്കാർ ഏറ്റെടുത്ത ആലക്കോട് വില്ലേജ്, കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ, പൂപ്പാറ, പാമ്പാടുംപാറ വില്ലേജുകൾ എന്നിവിടങ്ങളിലായി ആദിവാസി ഭൂമി വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 33 ഊരുകളിൽ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ പക്കലുള്ള വസ്തു

190 (1246) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് എന്ന ബ്രിട്ടീഷ് കമ്പനിയുടെ പേരിൽ എത്ര ഏക്കർ സ്ഥലമാണ് കേരളത്തിൽ വിവിധയിടങ്ങളിൽ ഉള്ളത്, ഇവയിൽ ആധാരം ഉള്ളവയും ഇല്ലാത്തവയും എത്ര ഏക്കർ വീതം ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly